
# ASAN MEMORIAL TEACHER TRAINIG INSTITUTE

## Vilabhagom, Varkala



# ACADEMIC MASTER PLAN

# അവസ്ഥാ വിശകലനം

## അക്കാദമികം

### നേട്ടങ്ങൾ

1 പാഠ്യപദ്ധതിയുടെ ഭാഗമായ പഠനയാത്ര, സഹവാസക്യാമ്പ് എന്നിവ കാര്യക്ഷമമായി നടന്നുവരുന്നു.

2 കലാ പഠനവും പ്രവൃത്തി പഠനവുമായി ബന്ധപ്പെട്ട് Talent lab കളുടെ പ്രവർത്തനം നടന്നുവരുന്നു.

3 കുട്ടികളിലെ സർഗവാസനകൾ വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി റേഡിയോനിലയത്തിന്റെ പ്രവർത്തനം നടന്നുവരുന്നു.

4 കുട്ടികൾക്ക് ആത്മവിശ്വാസവും ധൈര്യവും നൽകുന്നതിനായി മികച്ച ഫാക്കൽറ്റികളെ ഉപയോഗിച്ചുകൊണ്ടുള്ള കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തുന്നുണ്ട്.

5 വിദ്യാലയത്തിൽനിന്നും പരിശീലനം പൂർത്തിയാക്കി ഇറങ്ങുന്ന അധ്യാപക വിദ്യർത്ഥികൾ ഭൂരിഭാഗവും അധ്യാപകരായി സേവനം അനുഷ്ഠിക്കുന്നു.

### പരിമിതികൾ

- മൽസര പരീക്ഷകളിൽ അധ്യാപക വിദ്യാർത്ഥികളുടെ മികവ് ഇനിയും വർദ്ധിയ്ക്കേണ്ടതുണ്ട്.
- ക്ലാസ് ലൈബ്രറി ക്രമീകരിയ്ക്കണം.
- സ്കൂൾ ലൈബ്രറി , ലാബ് എന്നിവ നവീകരിയ്ക്കണം.
- ഗണിതത്തിനും സാമൂഹ്യശാസ്ത്രത്തിനും ഇനിയും ലാബുകൾ ഉണ്ടാകേണ്ടതുണ്ട്.
- ട്രെയിനിംഗ് സ്കൂളുമായി ബന്ധപ്പെട്ട ലാബ് സ്കൂളിൽ അപ്പർ പ്രൈമറി ക്ലാസ് മാത്രമേയുള്ളു . അതുകൊണ്ട് തന്നെ സ്കൂൾ അനുഭവ പരിപാടിയുമായി ബന്ധപ്പെട്ട് മറ്റ് സ്കൂളുകൾ അന്വേഷിക്കേണ്ടി വരുന്നു.

# ഉള്ളടക്കം


1 ആമുഖം

2 ലക്ഷ്യങ്ങൾ

3 വിദ്യാലയത്തിന്റെ ലഘുചരിത്രം

4 വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ച്ചപ്പാട്

5 പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

6 നിലവിലെ അവസ്ഥാ വിശകലനം

7 മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

8 പദ്ധതി വിശദാംശങ്ങൾ

(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം ചുമതല, സാമ്പത്തിക വിശകലനം)

9 പ്രതീക്ഷിത നേട്ടങ്ങൾ

10 മോണിറ്ററിംഗ്

11 ഉപസംഹാരം

അനുബന്ധം

- വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവ വൈവിധ്യ പാർക്ക്രൂപ രേഖ
- കുട്ടികളുടെ എണ്ണം-മുൻ വർഷങ്ങളിൽ

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | : | AMTTI, വിളബ്ഭാഗം |
| 2 | വിലാസം | | മേൽ വെട്ടൂർ പി.ഒ, വർക്കല. |
| 3 | ഫോൺ നമ്പർ | : | 0470 2608490 |
| 4 | സ്കൂൾ കോഡ് | : | 42255 |
| 5 | വിദ്യാഭ്യാസ ഉപജില്ല | : | വർക്കല |
| 6 | വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| 7 | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 8 | ബി.ആർ.സി | : | വർക്കല |
| 9 | സി.ആർ.സി | : | വിളബ്ഭാഗം |
| 10 | ഗ്രാമപഞ്ചായത്ത് | : | വെട്ടൂർ |
| 11 | ബ്ലോക്ക് പഞ്ചായത്ത് | : | വർക്കല |
| 12 | ജില്ലപഞ്ചായത്ത് | : | തിരുവനന്തപുരം |
| 13 | നിയമസഭാ മണ്ഡലം | : | വർക്കല |
| 14 | ലോക സഭാ മണ്ഡലം | : | ചിറയിൻകീഴ് |
| 15 | താലൂക്ക് | : | വർക്കല |
| 16 | വില്ലേജ് | : | വെട്ടൂർ |
| 17 | ഇ-മെയിൽ | : | amttischool@gmail.com |

# ആമുഖം

വിദ്യാലയം അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഒരു ഗുണഭോക്തൃ സമൂഹത്തെ ഉൾക്കൊള്ളുന്ന സ്ഥാപനമാണ്. ഫലപ്രദമായ ആസൂത്രണത്തിന്റെയും മാനേജ്മെന്റിന്റെയും അപര്യാപ്തതകൾ മൂലം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പ്രബുദ്ധരും ശക്തരുമായ കേരളജനതയെ സൃഷ്ടിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ചത് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗമാണ് സ്വകാര്യ വൽക്കരണവും നവറിബറൽ സാമ്പത്തിക നയങ്ങളും പൊതുവിദ്യാലയങ്ങളെ അനാകർഷകമാക്കി. ഇത് കേരളത്തനിമയുടെ തകർച്ചയിലേയ്ക്ക് നയിക്കുന്നത് എന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു. ആ തിരിച്ചറിവിന്റെ ഫലമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന പദ്ധതിയ്ക്ക് രൂപം നൽകാൻ സർക്കാരിന് പ്രേരണയായത്.

നമ്മു സ്കൂളുകൾ എങ്ങനെയാകണമെന്ന വ്യക്തമായ കാഴ്ചപ്പാട് സ്ക്കൂൾ അധികൃതർക്കുണ്ടാകേണ്ടതാണ്. വിദ്യാലയത്തിൽ കുട്ടികളുടെ പഠനത്തിന് അനുയോജ്യമായ അക്കാദമിക ഭൗതിക, സമൂഹിക വൈകാരിക സാഹചര്യങ്ങൾ സൃഷ്ടിച്ചു നൽകിയാൽ മാത്രമേ കാര്യക്ഷമമായ പഠനം നിർവ്വഹിയ്ക്കപ്പെടുകയുള്ളൂ. 1968 ലെ വിദ്യാഭ്യാസ നയപ്രഖ്യാപനത്തിലെ നിർദ്ദേശമനുസരിച്ച് ഓരോ അഞ്ചു വർഷം കഴിയുമ്പോഴും സർക്കാർ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുകയും ഭാവി വികസനത്തിനുള്ള മാർഗരേഖകൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ ഭാഗമായി "വിദ്യാഭ്യാസം ഇന്നത്തേയ്ക്കും നാളത്തേയ്ക്കും ഉള്ള ഒരു അതുല്യ നിക്ഷേപമാണ് " എന്ന അടിസ്ഥാന തത്വത്തിൽ നിന്ന് രൂപം കൊണ്ട പദ്ധതിയാണ് 1986 ലെ ദേശീയ വിദ്യാഭ്യാസനയം.

2002 ൽ 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കിക്കൊണ്ടുള്ള ഭരണഘടനാഭേദഗതി പാർലമെന്റ് അംഗീകരിയ്ക്കുകയുണ്ടായി. ഭരണഘടനയുടെ അനുച്ഛേദം 21-A പ്രകാരമായിരുന്നു ഇത്. ഈ ഭേദഗതിയെ തുടർന്ന് ഓരോ കുട്ടിക്കും തൃപ്തികരവും ന്യായവുമായ നിലവാരത്തിലുള്ള മുഴുവൻ സമയ വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് RTE-Act 2009 നിലവിൽ വന്നത്. അതായത് കുട്ടിയുടെ സർവ്വതോൻമുഖ വികാസം ശിശുസൗഹൃദപരവും ശിശുകേന്ദ്രീകൃതമായ രീതിയിൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ അന്വേഷണം എന്നിവ വഴിയുള്ള പഠനം സാധ്യമാക്കണം. കുട്ടിക്ക് സ്വതന്ത്രമായും നിർഭയമായും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം കുട്ടിയുടെ അറിവിന്റെ ധാരണയും അത് പ്രയോഗിക്കാനുള്ള കഴിവും തുടർച്ചയായും സമഗ്രമായും മൂല്യനിർണയം ചെയ്യൽ എന്നിവ RTE-Act ഉറപ്പു നൽകുന്നു.

NCTE യുടെ നിർദ്ദേശങ്ങളായ ബോധനസൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപക യോഗ്യതകൾ ഇതര നിർദ്ദേശങ്ങൾ ഇവ ഒരു മികച്ച അധ്യാപക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അനിവാര്യഘടകങ്ങളാണ്. ഒരു വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുന്നതിന് മേൽ പ്രസ്താവിച്ച ഘടകങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്.

# പൊതു ലക്ഷ്യങ്ങൾ

1) വിദ്യാർത്ഥികളിൽ ശാസ്ത്രബോധം, ജനാധിപത്യബോധം, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കാനാവശ്യമായ ബോധന പ്രക്രിയകൾ ഉൾപ്പെടുത്തുക.

2) സയൻസ് ലാബ്, IT ലാബ്, സോഷ്യൽ സയൻസ് ലാബ്, language lab എന്നിവയ്ക്കായി lab Complex രൂപപ്പെടുത്തുക.

3) അഞ്ച് വർഷം കൊണ്ട് ആധുനികവും സാങ്കേതികവുമാക്കിത്തീർത്ത ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ വികസിപ്പിച്ചെടുക്കുക.

4) ക്ലാസ് മുറികൾ വിശാലവും സ്മാർട്ടുമാക്കി മാറ്റുക, ക്ലാസ്മുറിയിൽ ക്ലാസ് ലൈബ്രറി, സയൻസ്, സോഷ്യൽ സയൻസ് കോർണറുകൾ ഉണ്ടായിരിക്കുക.

5) Green Protocol കർശനമായി പാലിയ്ക്കുക.

6) ലഹരി വിമുക്ത സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ലഹരി വിമുക്ത കാമ്പസ് ഉറപ്പ് വരുത്തുക.

7) കുട്ടികളുടെ ശാരീരിക മാനസിക വെല്ലുവിളികൾ മറികടക്കുന്നതിനായി അനുരൂപികരിച്ച ഭൗതിക സാഹചര്യങ്ങളും പഠന സാമഗ്രികളും പ്രവർത്തനങ്ങളും ഉണ്ടാക്കിയെടുക്കുക.

8) പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുകയും സ്ത്രീശാക്തീകരണ സമൂഹം ലക്ഷ്യമാക്കിയുള്ള മനോഭാവ രൂപീകരണ പ്രവർത്തനങ്ങൾ പഠന പ്രക്രിയുടെ ഭാഗമാക്കുകയും ചെയ്യുക.

9) വിദ്യാലയങ്ങളിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ മാനസികാരോഗ്യത്തിന് ഇണങ്ങുന്ന രീതിയിൽ പരിഷ്ക്കരിക്കുക.

10) കലാകായിക മേളയിൽ കുട്ടികളുടെ കഴിവനുസരിച്ച് മികവ് തെളിയിക്കാനുള്ള അവസരം സൃഷ്ടിയ്ക്കുക.

11) കളിസ്ഥലം ഉദ്യാനം എന്നിവ വിദ്യാലയത്തിൽ ഉൾപ്പെടുത്തി വിദ്യാലയം കുട്ടികളുടെ ഇഷ്ടയിടമാക്കി മാറ്റുക.

12) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വക്താക്കളായ അധ്യാപകരെ സൃഷ്ടിച്ചെടുക്കിക.

# സ്കൂൾ ചരിത്രം

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് 12 വർഷങ്ങൾക്ക് മുൻപ് ജാതി വർണ്ണ വിവേചനങ്ങൾ കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ കേവലം മൂന്ന് വിദ്യാർത്ഥികളുമായി 1935 ൽ ഒരു വെർണാക്കുലാർ സ്കൂൾ ആയി വിളബ്ഭാഗത്ത് ആരംഭിച്ചു. ഈഴവ സമുദായത്തിലെ വിദ്യാസമ്പന്നരായ അധ്യാപകരെ ഗവൺമെന്റ് ജോലികൾക്ക് എടുക്കാൻ അനുവദിയ്ക്കാതിരുന്ന കാലത്ത് ശ്രീ. ആർ. ഗോവിന്ദൻ (കുന്നുവിള, വിളബ്ഭാഗം) " വിദ്യാവിലാസിനി " എന്ന പേരിൽ സ്വന്തം വസ്തുവിൽ സ്കൂൾ ആരംഭിയ്ക്കാൻ ധൈര്യം കാണിച്ചു. ഇതേ തുടർന്ന് വിളബ്ഭാഗത്തെ പ്രമുഖ കുടുംബത്തിലെ അംഗങ്ങളായ ശ്രീ.എം. മാർത്താണ്ഡൻ (മാവിള വീട്) ശ്രീ. ആർ.എം. നാരായണൻ (കുഴിവിളവീട്, വിളബ്ഭാഗം) എന്നിവരുടെ കൂട്ടായ ശ്രമത്തിലാണ് ഈ വിദ്യാലയം ആരംഭിച്ചത്. രണ്ട് വർഷങ്ങൾക്ക് ശേഷം Asan Memorial Basic Trainrry School എന്ന പേരിൽ UP grade ചെയ്യപ്പെട്ടു. 15 അംഗങ്ങളടങ്ങുന്ന ഒരു ടീമിന്റെ കൂട്ടായ ശ്രമഫലമായി ഈ സ്കൂൾ ഒരു Training School ആയി മാറി.

ഈ സ്കൂളിന്റെ ആദ്യനാമമായ ആശാൻ മെമ്മോറിയൽ ബേസിക് ട്രെയിനിംഗ് സ്കൂൾ എന്നത് പിന്നീട് Asan Memorial Teacher Training Institute എന്നായി മാറിയത് 1985-86 ലാണ് മഹാകവി കുമാരനാശാന്റെ പേരിൽ ആരംഭിച്ച ഏക വിദ്യാലയമാണിത്. ഈ വിദ്യാലയത്തിൽ നിന്ന് നാല് കിലോമീറ്റർ അകലെയാണ് കായിക്കരയിൽ ആശാൻ സ്മാരകം സ്ഥിതിചെയ്യുന്നത്. അപ്പർ പ്രൈമറി സെക്ഷൻ ആരംഭിച്ചത് 1935 ലാണ്. ശ്രീ. വിദ്യാസാഗരൻ, ഭാസ്ക്കരൻ, ശ്രീധരൻ എന്നിവരാണ് ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥികൾ. TTC കോഴ്സ് ആരംഭിച്ചത് 1937 ലാണ്. ഈ കോഴ്സിലെ ആദ്യ വിദ്യാർത്ഥി (ശ്രീ. ചെല്ലപ്പൻപിള്ള ) കളിയിൽ വീട്, വെട്ടൂർ) ആണ്. തുടർന്ന് 24 കുട്ടികൾ ആദ്യ ബാച്ചിൽ ഉണ്ടായിരുന്നു. ശ്രീ.ആർ. ഗോവിന്ദൻ ആദ്യ മാനേജരായും ശ്രീ. പരമു (BALT) ആദ്യ ഹെഡ്മാസ്റ്റർ ആയും നിയമിയ്ക്കപ്പെട്ടു.

2017- 18 അധ്യയന വർഷത്തിൽ ഈ വിദ്യാലയത്തിൽ V, VI, VII ക്ലാസ്സുകളിൽ യഥാക്രമം രണ്ട് വീതം ഡിവിഷനുകളാണുള്ളത്. Training Section ൽ ഒന്നാം വർഷം 39 കുട്ടികളും രണ്ടാം വർഷം 19 കുട്ടികളുമാണുള്ളത്. Upper primary വിഭാഗത്തിൽ 10 അധ്യാപകരും Training Section ൽ 4 അധ്യാപകരും ഈ വിദ്യാലയത്തിലുണ്ട്.

വർക്കല-കടയ്ക്കാവൂർ റോഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. നവോത്ഥാന നായകൻമാരിൽ പ്രമുഖനായ ശ്രീ നാരായണ ഗുരുദേവന്റെ സമാധി സ്ഥലവും ദക്ഷിണകാശി എന്നറിയപ്പെടുന്ന വർക്കല ശ്രീ ജനാർദ്ദന സ്വാമി ക്ഷേത്രവും ലോക പൈതൃക ടൂറിസത്തിലിടം നേടിയ പാപനാശം കുന്നുകളും സ്വാതന്ത്ര്യ സമര ഏടുകളിൽ സ്ഥാനം പിടിച്ച അഞ്ചുതെങ്ങ് കോട്ടയും കായലും കടലും സമ്മേളിക്കുന്ന മുതലപ്പൊഴിയും ഉൾപ്പെടുന്ന ഒരു ഭൂപ്രദേശത്തിലാണ് ആശാന്റെ നാമധേയത്തിലുള്ള നമ്മുടെ സ്കൂൾ സ്ഥിതി ചെയ്യുന്നത്.

## കാഴ്ചപ്പാട് :- വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യമുണ്ടാക്കുന്ന വിദ്യാലയാന്തരീക്ഷം ഉണ്ടാക്കുക
- അനുയോജ്യമായ ഭൗതിക സാഹചര്യങ്ങളും മികച്ച പഠനാന്തരീക്ഷവും അക്കാദമിക മേൻമയും അവകാശപ്പെടുന്ന വിദ്യാലയമാക്കുക.
- വരുംകാല ആവശ്യങ്ങൾ മുൻകൂട്ടിക്കണ്ട് അധ്യയനത്തിൽ ആധുനിക സാങ്കേതിക വിദ്യയിലൂടെ അധ്യാപനം നടത്തുക.
- സാമൂഹ്യപ്രതിബദ്ധതയും കർമ്മോൽസുകരുമായ അധ്യാപകരെ സൃഷ്ടിച്ച് അവർക്ക് ശാക്തീകരണം നൽകുന്ന വിദ്യാഭ്യാസ കേന്ദ്രമായി മാറുക.
- പഠനവും ബോധനവും അധ്യാപനവും ആഹ്ലാദകരമാക്കിത്തീർക്കുക
- സ്വയം പഠനം, സംഘ പഠനം എന്നിവ ഉറപ്പാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുക.
- ഗവേഷണാത്മക പഠനത്തിനും ഗവേഷണാത്മക അധ്യാപനത്തിനും അവസരമൊരുക്കുക.
- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റേയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

# പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യസം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ചിട്ടുളള പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് വിളിച്ചു ചേർക്കുകയും അതിന്റെ പ്രാരംഭ നടപടികൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് രക്ഷിതാക്കളും അധ്യാപകരും വിദ്യാഭ്യാസ പ്രവർത്തകരുംകൂടി ചേർന്ന് പൊതുവിദ്യാഭ്യസ സംരക്ഷണ പ്രതിജ്ഞ എടുത്തു. തുടർന്ന് വിളിച്ചു ചേർത്ത SRG യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിച്ചു ചർച്ചചെയ്തു. 2025 ആകുമ്പോഴേയ്ക്കും NCTE നിർദ്ദേശിയ്ക്കുന്ന എല്ലാ ഭൗതിക സൗകര്യങ്ങളും അതിനനുലസരിച്ച് അക്കാദമിക നിലവാരമുള്ള ജില്ലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിയ്ക്കുന്ന ഒരു മഹത്തായ സ്ഥാപനമായി മാറ്റുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

സ്കൂളിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മികവുകൾ നിലനിർത്തുന്നതോടൊപ്പം പരിമിതികളും വെല്ലുവിളികളും മറികടക്കാനുതകുന്ന വികസന രേഖയുടെ കരട് രൂപരേഖ തയ്യാറാക്കാൻ തീരുമാനിച്ചു. വിഷയാടിസ്ഥാനത്തിൽ അതിനുള്ള ചർച്ചകളും നിർദ്ദേശങ്ങളും രൂപപ്പെടുത്തി.

# അവസ്ഥാ വിശകലനം

## സാമൂഹികം

### നേട്ടങ്ങൾ

1 PTA, MPTA ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

2 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാറുണ്ട്.

3 പകർച്ചവ്യാധികൾ പോലുള്ള സാമൂഹിക വിപത്തുകൾ മഴക്കെടുതികൾ തുടങ്ങിയുള്ള വിപത്തുകൾ ഉണ്ടാകുമ്പോൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കാറുണ്ട്.

4 കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി മികച്ച രീതിയിൽ കായിക പരിശീലനം നടത്തിവരുന്നു. അതിനായി കായിക മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖരുടെ സേവനം ലഭ്യമാണ്.

### പരിമിതികൾ

1 പൂർവ്വ വിദ്യാർത്ഥികളുമായുള്ള ബന്ധം ശക്തമല്ല.

2 പ്രാദേശിക സോഴ്സുകൾ വേണ്ട തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

3 ITE കളും ഇന്റേൺഷിപ്പ് വിദ്യാലയങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുന്നില്ല.

4 സ്കൂളിന്റെ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കുന്നില്ല.

5 സമീപ വിദ്യാലയ പ്രവർത്തനങ്ങളിലും പഠനപിന്നോക്കാവസ്ഥപോലുള്ള പ്രശ്നങ്ങളിലും ക്രിയാത്മകമായി സഹായിക്കാൻ കഴിയുന്നില്ല.

6 ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സ്ളുകൾ ലഭ്യമാകാത്ത അവസ്ഥ.

# അവസ്ഥാ വിശകലനം

## ഭൗതികം

### നേട്ടങ്ങൾ

1 100 സെന്റ് ഭൂമി സ്വന്തമായുണ്ട്.

2 സ്കൂളിനോട് ചേർന്ന് കളിസ്ഥലം ഉണ്ട്.

3 ജൈവ വൈവിധ്യപാർക്ക് ഔഷധസസ്യത്തോട്ടം ഇവ ഉണ്ട്.

4 സയൻസ് ലാബ്, ലൈബ്രറി എന്നിവ നിലവിലുണ്ട്.

5 ലാബ് സ്കൂൾ പ്രവർത്തിക്കുന്നു.

6 കുടി വെള്ള സൗകര്യം ലഭ്യമാണ്.

### പരിമിതികൾ

1 ആവശ്യത്തിനുള്ള ക്ലാസ്സ് മുറികളുടെ അഭാവം.

2 ശൗചാലയങ്ങൾ കുറവാണ്. ഉള്ളത് ആധുനിക രീതിയില്ല.

3 ആകർഷകമാം വിധം പൂന്തോട്ടം, പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

4 നിലവിലുള്ള ജൈവവൈവിധ്യപാർക്ക്, ഔഷധോദ്യാനം എന്നിവ മെച്ചപ്പെടുത്തി കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാട് പ്രവർത്തികമാക്കണം

5 വിഷയാടിസ്ഥാനത്തിലുള്ള റഫറൻസ് പുസ്തകങ്ങൾ ലഭ്യമാകുന്നില്ല.

6 മികച്ച ഐ.ടി ലാബിന്റെ അഭാവം.

7 സ്മാർട്ട് ക്ലാസ് റൂമുകളുടെ അഭാവം

8 ലൈബ്രറി ഉണ്ടെങ്കിലും ഉപയോഗയോഗ്യമായ പുസ്തകങ്ങളുടെ എണ്ണം കുറവാണ്.

9 റീഡിങ്ങ് റൂം ഇല്ല

10 ഭക്ഷണ മുറി, വിശ്രമുറി എന്നിവ ഉണ്ടാകേണ്ടതുണ്ട്.

# മേഖല യു പി -മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1)വായിക്കാം.<br>വളരാം | • പ്രീ-ടെസ്റ്റ് നടത്തൽ<br>• ക്ലാസ് ലൈബ്രറി ശാക്തീകരണം<br>• വായനാകുറിപ്പ് തയ്യാറാക്കൽ<br>• വിദ്യാരംഗം ഉത്ഘാടനം<br>• ബഷീർദിനാചരണം<br>• പത്ര പാരായണം | ജൂൺ to ജുലൈ | ഭാഷാധ്യാപകർ | |
| 2)എല്ലാവരും എഴുതട്ടെ<br>കുട്ടിയെ മാതൃഭാഷയിൽ<br>മികച്ച എഴുത്തുകാരാനാക്കുക | പത്രവാർത്ത തയ്യാറാക്കുക<br><br>ദിനാചരണങ്ങളുടെ ചുമർ പത്രിക നിർമ്മാണം<br>പതിപ്പ് നിർമ്മാണം<br>(നാടൻ കല – പതിപ്പ്)<br><br>പിന്നോക്കക്കാർക്ക് അക്ഷരക്ലാസ്സ്(ലക്ഷ്യ) | അക്കാദമിക് വർഷം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3)സാഹിത്യത്തിൽ താത്പര്യം വളർത്താൻ പഠിതാക്കളുടെ കലാവസാനകൾ പ്രോത്സാഹിപ്പികുവാൻ<br><br>4) ഭാഷാ പഠനത്തിന് എം സി ടി | പുസ്തകപരിചയം നാടൻപാട്ട് അവതരണം സർഗവേളകളുടെ ഫലപ്രദമായ ഉപയോഗം<br><br>ചിത്ര രചന ,കഥ ,കവിത ,നാടകം സിനിമ എന്നിവ ആസ്വാദനം | അക്കാദമിക് വർഷം<br><br>അക്കാദമിക് വർഷാരംഭം | ഭാഷാധ്യാപിക | |

## മേഖല യു. പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
| --- | --- | --- | --- | --- |
| 1, ശരിയായി ഇംഗ്ലീഷ് , ശ്രവിക്കാനും, അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend your Ear** - ലളിതമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Follow Me If You Can** – ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Breaking News** – ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| **2,** ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **I Too Can –** വ്യത്യസ്ത സ്ഥലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിപ്പിക്കുവാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Leaning Ladder** – പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു | **FM CORNER** –വ്യത്യസ്തമായ കഥകൾ റേഡിയോ ഡ്രാമാരൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു . | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **ALERT ZONE**-സൂചന ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്ക്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** – ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു . ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun Time** - കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയാറാക്കി ക്ലാസ്സിൽ അവതരിപ്പികുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ................ | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** **പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.** **(സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# സംസ്കൃതം

## അക്കാദമിക്ക് മസ്റ്റർപ്ലാൻ (5,6,7)

## എ. എം.റ്റി.റ്റി. ഐ വിളഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്ക് അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്,<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷര മരം നിർമ്മിക്കൽ<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ-അഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകം ICT | PTA റിസോർസ് അദ്ധ്യാപിക |
| | 2. പറയാം പഠിക്കാം<br>• ചിത്രത്തിന്റെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം ICT | റിസോർസ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | • ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | | | |
| 2)വീട് ഒരു പരീക്ഷണ ശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുകളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക ) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ-ഒക്ടോബർ | സംസ്കൃതാ നിഘണ്ടു | |
| 3) വായനാലോകം | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃതാ പഠിപ്പിക്കുക<br>• ഓരോ സംസ്കൃതാ പീരിയഡിലും | 6 മാസം | ക്ലാസ്സ് തലം | റിസോർസ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| 4)കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>• ക്ലബ് രൂപികാരണം<br>• പഠാനോപകരണ നിർമ്മാണം | ജൂൺ -മാർച്ച് | ചാർട്ട് ചിത്രം | റിസോർസ് അദ്ധ്യാപിക |
| മത്സര പരീക്ഷകൾ തയാറാക്കൽ | • മാതൃകാ ചോദ്യ പേപ്പറുകൾ തയാറാക്കുന്നു<br>• ആനുകാലികങ്ങൾ വായിക്കുവാൻ നൽക്കുന്നു<br>• ക്വിസ് മത്സരം നടത്തുന്നു | ജൂൺ -മാർച്ച് | ക്ലാസ്സ് റൂം | റിസോർസ് അദ്ധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എ.എം.റ്റി.റ്റി.ഐ, വിളബ്ഭാഗം

### അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിക് ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | **മികവിന്റെ വഴിയിൽ**<br>• പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷി കളുടെ വളർച്ച ഉറപ്പുവരുത്തുക.<br>• മുന്നറിപ്പ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൻ<br>• ഭാഷാ കളികൾ<br>• വായനാകുറിപ്പ് ശേഖരണം | 2 മാസം | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റ്<br>സി.ഡി കൾ | PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പു വരുത്തുക. | **വായനാവസന്തം**<br>• വായനാ മത്സലം<br>• ക്ലാസ് ലൈബ്രറി<br>• വാട്സപ്പ് ഗ്രൂപ്പ് (വായന)<br>• വായനാ കുറിപ്പുകൾ<br>• അറബിക് പത്രവായന<br>• റേഡിയോ | 6 മാസം | പത്രങ്ങൾ<br>മാഗസിനുകൾ | PTA |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുക. | **<u>എഴുത്തുത്സവം</u>**<br>• എഴുത്തുകൂട്ടം<br>• പതിപ്പുകളുടെ നിർമ്മാണം<br>• ഇൻലന്റ് മാഗസിൽ<br>• ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | 12 മാസം | പുസ്തകങ്ങൾ<br>സ്കൂൾ ലൈബ്രറി | PTA |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക. | **<u>അറബിക് കമ്മ്യൂണിക്കേഷൻ</u>**<br>• ആശയ വിനിമയ വേദി<br>• ക്ലാസ് തലം, സ്കൂൾതലം<br>• മൊബൈൽ ലിസണിങ്<br>• സ്പീക്കർ<br>• യാത്രകൾ<br>• അറബിക് മേള (നാടകം, മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>ഭാഷകളിൽ അറബിക് അസംബ്ലി<br>ഭാഷാപ്രദർശനം ഭാഷാ ക്യാമ്പ് | 24 മാസം | ഐ.ടി.സി | PTA |

# യുപി സയൻസ്

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പച്ചക്കറിത്തോട്ടം, കുളം, ഉദ്യാനം പുഴയെ അറിയാൻ ഫീൽഡ് ട്രിപ്പ് എന്റെ ശാസ്ത്ര കിറ്റ് നിർമാണം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ് | പി. ടി. എ |
| | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലബ്ബുകൾ ആരംഭിക്കുന്നു.<br>**ദിനാചരണം**<br>ശാസ്ത്ര ക്ലബ്ബുമായി ബന്ധപ്പെടുത്തി ദിനാചരണങ്ങൾ<br>**ക്വിസ് പ്രോഗ്രാം**<br>ശാസ്ത്ര ക്ലബ്ബുമായി ബന്ധപ്പെടുത്തി വിവിധ ക്വിസ്പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ് | |

| | | | | |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്രക്ലബ്ബ്, ആരോഗ്യക്ലബ്, പരിസ്ഥിതി ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കാനുള്ളഅവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ്, ഹെൽത്ത് ക്ലബ്, പരിസ്ഥിതി ക്ലബ് | |
| | **<u>ശാസ്ത്ര വിസ്മയ ചുമർ</u>**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, | |
| 3. ശാസ്ത്ര രംഗത്തെനൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യത കളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT -യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു .പുതിയ കണ്ടെത്തലുകൾ , ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ , പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയിലെ വീഡിയൊ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | |
| | • ശാസ്ത്ര ലൈബ്രറി<br>• വളരുന്ന ചാർട്ട്<br>• പ്രത്യേക പരിഗണന അർഹിക്കുന്നകുട്ടികളുടെ പരീക്ഷണങ്ങളുടെ അവതരണം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല യു. പി സാമൂഹ്യശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | I, സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു.<br>Ii, നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി സാധ്യതകൾ ഉപയോഗിച്ച് പഠിതാവിന്റെ ഓർമ്മ പരിശോധന നടത്തുന്നു. | വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 2, | പഠിതാക്കളിൽ ചരിത്രാവബോധം വളർത്തിയെടുക്കൽ. | I, മുഗൾ ഭരണാധികാരികളുടെ ആൽബം തയ്യാറാക്കൽ.<br>Ii, ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | | |
|---|---|---|---|---|
| 3. | മനുഷ്യ പരിണാമഘട്ടങ്ങളുടെ വിശകലനത്തിലൂടെ ചരിത്രാവബോധം രൂപപ്പെടുത്തുന്നതിന്. | ശിലായുഗം,വെങ്കലയുഗംതുടങ്ങിയവയുടെ ചിത്രം , ആൽബം എന്നിവ തയാറാക്കൽ .ICT ഉപയോഗിച്ച് പഴയ കാല മനുഷ്യരുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 4 | ലഹരി ഉപയോഗം, വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗം, ക്രിമിനൽ പ്രവർത്തങ്ങൾ,റോഡ് സുരക്ഷ എന്നിവയെ കുറിച്ച് ബോധവാനാക്കുക | വിവിധ മേഖലയിൽ ഉള്ള വ്യക്തികളുടെ ബോധവത്കരണ ക്ലാസുകൾ. കുട്ടികളെ ബോധവത്കരിക്കുന്ന വിവിധ തരം ലഘു ഡോക്യുമെന്ററികളുടെ പ്രദർശനം | അക്കാദമിക വർഷം ജൂലൈ | സ്കൂൾ |
| 5 | സഹജീവികളോട് സമ ഭാവന വളർത്തിയെ ടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ചു വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു .മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു | അക്കാദമിക വർഷം സ്കൂൾ PTA | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | | |
|---|---|---|---|---|
| 6. . | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ( ഫീൽഡ്ട്രിപ്പ്, സർവ്വേ ) പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ,കണ്ടൽകാടുകൾ,ജലാശയങ്ങൾ ,തണ്ണീർതടങ്ങൾ എന്നിവ സന്ദർശിച്ചു സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 7. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പമോ മറ്റു മുതിർന്നവരോടൊപ്പമോ പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കി വിദ്യാലയത്തിൽ ജനാധിപത്യപരമായി ഇടപെടാനുള്ള കഴിവ് ആർജിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8. | ഭക്ഷണം അമൂല്യമാണ് കൃഷി,പാചകം ഇവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനു ഭക്ഷണവും ആരോഗ്യവും പരസ്പരം ബന്ധ പ്പെട്ടിരിക്കുന്നു എന്ന | *ഭക്ഷ്യ സന്ദേശങ്ങൾ ഉൽപ്പെടുന്ന പ്ലക്കാർഡ് നിർമ്മാണം.<br>*കൃഷിയുടെ പ്രാധാന്യം മനസിലാക്കുന്നതിനായി കർഷകനുമായി ഒരു അഭിമുഖം സംഘടിപ്പിക്കുന്നു .<br>*ICT സാദ്ധ്യതയോടെ ആരോഗ്യപരമായ ഭക്ഷണശീലങ്ങളെ പറ്റി വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| 9. | തിരിച്ചറിവ് നേടുന്നതിനു<br><br>കുട്ടികൾക്ക് പഴയകാല ഉപകരണങ്ങൾ പരിചയപ്പെടുത്തുക | • വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>• ഈ ഉപകരണങ്ങൾ ഉപയോഗിച്ച് സ്കൂളിൽ ഒരു സാമൂഹിക ശാസ്ത്രലാബ് നിർമ്മാണം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സ്കൂൾ PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (2025 - 2026 )

## മേഖല UP ഗണിതം AMTTI VILABHAGOM

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | <u>ഗണിത ശില്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടി കുരു, മുത്തുകൾ ഫ്ലാഷ് കാർഡ്) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | <u>ഒറിഗാമി ശില്പശാല</u><br>ജാപ്പനീസ് കലാലയ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 3. ഗണിതപഠന പ്രവർത്തങ്ങൾ സുഗമമാക്കൽ | <u>**ഗണിതലാബ്**</u><br><br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ,ലാബിൽ വച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും, ഗണിതക്ലാസ്സ് ഗണിത ക്ലബ് അംഗങ്ങളും, | |
| 4. ഗണിതം മധുരമാക്കൽ. | <u>**ഗണിത പാർക്ക്**</u><br><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത്പാർക്ക്സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ് PTA |
| 5. ഗണിത മേഖലയിൽ കുട്ടികളിലൂടെ താത്പര്യം വർധിപ്പിക്കൽ. | <u>ഗണിത ഗ്രാമം</u><br><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഘലയിലും പ്രവർത്തിക്കുന്നവരെ ) പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ | PTA |

| | | | | |
|---|---|---|---|---|
| 6.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>IT സാധ്യതകളിലൂടെ</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രീയകൾ, ഇന്ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിൽ എത്തിക്കുവാൻ എളുപ്പത്തിൽ കഴിയുന്നു . | മാസത്തിൽ ഒരു പ്രാവശ്യം | | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു | <u>ഗണിത ക്ലിനിക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻ നിരയിൽ നിക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു; പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തങ്ങൾ നൽക്കുന്നു. . | ആഴ്ച്ചയിൽ ഒരു പിരീയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8. വിവിധ ശേഷികളുടെ വികസനം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തങ്ങൾ **SRG** യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവിശ്യാനുസരണം | SGR | |

# കായിക വിദ്യാഭ്യാസം

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻ |
|---|---|---|---|---|---|---|
| 1. കായിക പരിശീലനം | കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്നു ദിവസം | പി.ടി.എ/ കായികാധ്യാപകൻ | 10,000/- | Sponsersh സന്നദ്ധ സംഘടനകൾ |
| 2. മെഡിക്കൽ ക്യാമ്പ് | ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒരു തവണ | എച്ച്.എം/ പി.ടി.എ/ | 10,000/- | പി.ടി.എ |
| 3. കായിക താരങ്ങൾക്ക് അവാർഡ് | സമ്മാനം നൽകി ആദരിയ്ക്കൽ | സ്കൂൾ തലം, ഉപ ജില്ലാ തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തിലെയും മൽസരങ്ങൾക്ക് ശേഷം | എച്ച്.എം/ കായികാധ്യാപകൻ | 5000/- | Sponsersh സ്കൂൾ വികസന സമിതി |
| 4. യോഗ പരിശീലന കേന്ദ്രം | ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനായി സജ്ജമാക്കണം | ആഴ്ചയിൽ ഒരു തവണ | പി.ടി.എ | 20000/- | ഗ്രാമപഞ്ചായത്ത് പ്ലാൻഫണ്ട് |
| 5. നീന്തൽ പരിശീലനം | ആരോഗ്യകായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | പ്രാദേശിക ജലാശയങ്ങൾ, തോടുകൾ എന്നിവ പരിഗണിച്ച് നീന്തൽ പരിശീലനം അവധിദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമൂഹത്തിനും പരിശീലനത്തിനവസരം നൽകാം | ആഴ്ചയിൽ ഒരു തവണ | പി.ടി.എ | 20000/- | ഗ്രാമപഞ്ചായത്ത് പ്ലാൻഫണ്ട് |

# കലാ വിദ്യാഭ്യാസം

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻസി |
|---|---|---|---|---|---|---|
| 1. കലാ മണ്ഡലം | കലാ വാസന കൾക്ക് പരിപോഷണം | നൃത്തം ചെണ്ട സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാ മണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിയ്ക്കണം അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങളിൽ | Arts Club/ കലാധ്യാപകൻ | 200000/- | CSR ഫണ്ട് |
| 2. ചിത്രരചനാക്കളരി | ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ചിത്ര രചന പരിശീലനം | അവധിക്കാലം 5 ദിവസം | SRG | 10,000/- | SDC |
| 3. പാവനാടക പരിശീലന ശില്പശാല | കലാ വാസനകളെ പരിപോഷിപ്പിക്കൽ | പാഠ ഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | SRG | 5000/- | PTA ഫണ്ട് |
| | | | | | | |

## മലയാളം

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻസി |
|---|---|---|---|---|---|---|
| 1. ജൻമദിനത്തിനൊരുപുസ്തകം | ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകംവീതം ക്ലാസ്സ് ഗ്രന്ഥശാലയിലേയ്ക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജൻമ ദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | | |
| 2. കവികൾ പുസ്തകങ്ങൾ | കവികളേയും കൃതികളേയും പരിചയപ്പെടാൻ അവസരമൊരുക്കൽ | കുട്ടികൾക്ക് കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും ലഘു ജീവിത ചരിത്രവും തയ്യാറാക്കണം. ഇത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിയ്ക്കണം. | വർഷത്തിൽ ഒരു പ്രാവശ്യം | SRG PTA | 5000/- | സ്കൂൾ ഗ്രാന്റ് സന്നദ്ധ സംഘടനകൾ |
| 3. രചനാ ശില്പശാല | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വാസനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ് രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന സൃഷ്ടികൾ അച്ചടിച്ച് പ്രസിദ്ധീകരിയ്ക്കൽ ഇവ പഠനസാമഗ്രിയായി ഉപയോഗിക്കൽ | രണ്ട് മാസത്തിൽ ഒരു പ്രാവശ്യം | ഭാഷാ ക്ലബ്ബ് | 5000/- | PTA |
| 4. ബ്ലോഗ് നിറയ്ക്കൽ യജ്ഞം | രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിയ്ക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | എല്ലാ മാസവും | ഭാഷാ ക്ലബ്ബ് | | |

| | | | | | | |
|---|---|---|---|---|---|---|
| 5. സർഗ്ഗ സല്ലാപം | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശിക മായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലത്തിയ്ക്കൽ അവരുടെ എഴുത്തനുഭവങ്ങൾ പങ്കുവയ്ക്കൽ പ്രസിദ്ധീകരിയ്ക്കൽ | വർഷത്തിൽ രണ്ടു തവണ | H.M<br>PTA | 2000/- | പ്രാദേശിക ഗ്രന്ഥശാലകൾ |
| 6. ഗ്രന്ഥശാല ശാക്തീകരണം | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | H.M<br>PTA<br>ലൈബ്രേറിയൻ | 10000/- | Sponsersh ? സാംസ്കാരിക സംഘടനകൾ |
| 7. നാടകക്കളരി | ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ രചനകളുടെ നാടകാവിഷ്ക്കരണം | പ്രതിമാസ പരിപാടി | Arts Club | 5000/- | പ്രാദേശിക ക്ലബ്ബുകൾ |
| 8. റേഡിയോ ക്ലബ്ബ് | അവതരണ മികവ് കൈവരിക്കൽ | റേഡിയോ ക്ലബ്ബിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവ് സമയത്ത് റേഡിയോ പ്രക്ഷേപണം. വിവിധ പരിപാടികളുടെ അവതരണം അറിയിപ്പ് നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | S R G | 25,000/- | പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | | |
|---|---|---|---|---|---|---|
| 9. സർഗ്ഗശേഷീ വികസനം | സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ സാഹിത്യനായകൻമാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു തവണ | O S A | 10000/- | O S A |
| 10. ദിനാചരണങ്ങൾ | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S R G രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S R G | | |

**വിഷയം- ഇംഗ്ലീഷ്** **മേഖല- അക്കാദമികം**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുംമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ ഇംഗ്ലീഷ് അസംബ്ലി നടത്തുക. | ആഴ്ചയിൽ രണ്ട് ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 2 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 3 | ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | എൽ.പി., യു.പി പാഠ പുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ ( Skit, Conversation, speech) | പ്രതി മാസ പരിപാടി | H.M<br>ഇംഗ്ലീഷ് ടീച്ചർ | 2000/-<br>പി.ടി.എ |
| 4 | ഇംഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ട് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതി മാസ പരിപാടി | H.M<br>ഇംഗ്ലീഷ് ടീച്ചർ | 2000/- |

| | | | | | |
|---|---|---|---|---|---|
| 5 | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് ഉപയോഗിക്കുവാൻ കഴിവുനേടൽ | വ്യാകരണത്തിൻ പ്രാധാന്യം നൽകിയിട്ടുളള ഇംഗ്ലീഷ് ക്ലാസ്സുകൾ | അവധി ദിവസങ്ങളിൽ 10 ക്ലാസ്സ് (പ്രതിവർഷം) | ക്ലാസ്സ് ടീച്ചർ | 5000/- (പൂർവ്വവിദ്യാർത്ഥി സംഘടന) |
| 6 | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ (ഇംഗ്ലീഷ് കോർണർ) | ക്ലാസ്സ് മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതി മാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7 | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷ് തന്നെ ചെയ്യൽ | 2 ദിവസം അവധിക്കാലം | H.M ഇംഗ്ലീഷ് ടീച്ചർ | 5000/- പി.ടി.എ |

# സോഷ്യൽ സയൻസ്

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻ[illegible] |
|---|---|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്ര ലാബ് | സാമൂഹ്യശാസ്ത്ര പഠനം കുടുതൽ ശാസ്ത്രിയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിയ്ക്കൽ | വർഷത്തിൽ ഒരു തവണ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- | പി.ടി.എ |
| 2. പഠനയാത്രകൾ | പ്രത്യക്ഷാനുഭവത്തിലൂടെ വസ്തുക്കൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്ന് വീതം | S R G | 20,000/- | സ്പോ[illegible] സർഷി[illegible] |
| 3. മോക്ക് പാർലമെന്റ് | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപികരിയ്ക്കൽ | ഓണം, ക്രിസ്തുമസ് വേനൽക്കാലം | S R G സ്കൂൾ പാർലിമെന്റ് | | |
| 4. സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ | സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ മേഖലയിലേക്ക് പ്രവേശിപ്പിക്കൽ | അധിനിക വായനക്ക് ഉപകരിയ്ക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു തവണ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- | സ്പേ[illegible] സർഷ[illegible] |
| 5. ബുള്ളറ്റിൻ ബോർഡ് | സാമൂഹ്യശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യ പ്രദമായ ഒരിടത്ത് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- | പി.ടി.[illegible] |

| | | | | | | |
|---|---|---|---|---|---|---|
| 6. ലോകസഞ്ചാരം | ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ ചിത്രീകരിയ്ക്കണം. ദിനപത്രങ്ങളിൽ ദിവസവും ഓരോ രാജ്യവും മായി ബന്ധപ്പെട്ടുവരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിയ്ക്കണം. മാസാവസാനം അവ മാറ്റി പുതിയവ ഒട്ടിയ്ക്കണം. | പ്രതിദിനം | S R G | | |
| 7. ചരിത്രകലണ്ടർ | ചിരിത്രബോധം വളർത്തിയെടുക്കൽ | വലിയ ചാർട്ടു പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ കലണ്ടർ രൂപപ്പെടും. | പ്രതിദിനം | S R G | | |
| 8. ഡിബേറ്റ് ക്ലബ്ബ് | ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷങ്ങളെ കുറിച്ച് സംവാദം, ഡിബേറ്റ് , ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | S R G | 10,000 | |

**വിഷയം- ഗണിതം** **മേഖല: അക്കാദമികം**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിക ക്ലാസ്സ് നടത്താൻ സൗകര്യത്തിന് ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | |
| 2 | ഗണിത ശാസ്ത്ര അറിവുകളെ അപ് ഗ്രേഡ് ചെയ്യൽ | ബുള്ളറ്റിൻ ബോർഡിൽ ഗണിത ശാസ്ത്ര വാർത്തകൾ പസിലുകൾ, തുടങ്ങിയവ പ്രദർശിപ്പിക്കുക. | എല്ലാ ദിവസവും | ഗണിത ശാസ്ത്ര ക്ലബ്ബ് | 1000/- പി.ടി.എ |
| 3 | രസകരമായ ഗണിത ശാസ്ത്ര പഠനം | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കൽ അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക, ഗണിത ശാസ്ത്ര ക്ലബ്ബ് | 1000/- പി.ടി.എ |
| 4 | ഗണിത പഠനാന്തരീക്ഷം സൃഷ്ടിക്കൽ (ഗണിതമൂല) | ഗണിത പഠനവുമായി ബന്ധപ്പെട്ട് പുസ്തകങ്ങളുടെ ശേഖരം ഒരുക്കൽ | പ്രതി മാസ പരിപാടി | ഗണിത ശാസ്ത്ര ക്ലബ്ബ് | |

## വിദ്യാഭ്യാസ മന:ശാസ്ത്രം

| മേഖല | പ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| അക്കാദമികം | അധ്യാപകവിദ്യാർത്ഥികൾ വിദ്യാഭ്യാസ മന: ശാസ്ത്രം പാഠ്യവിഷമായി പഠിക്കുന്നുവെങ്കിലും പ്രായോഗിക തലത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.<br>കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ തിരിച്ചറിയാനും രക്ഷിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനും സഹായം നൽകാനും കഴിയാത്ത അവസ്ഥ കൗൺസിലിംഗ് എന്ന ആശയം പഠിക്കുന്നു വെങ്കിലും അധ്യാപക വിദ്യാർത്ഥികൾക്ക് പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. | ശാരീരിക ആരോഗ്യത്തോടൊപ്പം മാനസികാരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിച്ചെടുക്കൽ.<br>അധ്യാപകന്റെ മാനസികാരോഗ്യം നിലനിർത്തൽ.<br>കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കാനും കഴിയുന്ന അധ്യാപകരാകാൻ കഴിയുക.<br>അധ്യാപകൻ ഒരു നല്ല കൗൺസിലർ കൂടിയാവണം. | അധ്യാപക വിദ്യാർത്ഥികൾക്ക് കിട്ടുന്ന ആശയങ്ങൾ Internship ന്റെ സമയത്ത് ഉൾപ്പെടുത്താനുള്ള അവസരം.<br>PsychologyLab ഉണ്ടാക്കാനുള്ള പ്രവർത്തനം.<br>കൗൺസിലിംഗിൽ വിദഗ്ധരായ വരെക്കൊണ്ട് ക്ലാസ്സുകൾ എടുപ്പിക്കുന്നു, പരിശീലനം കൊടുക്കുന്നു. | മന: ശാസ്ത്ര അധ്യാപിക | ഓരോ വർഷവും | |

# ശാസ്ത്രം

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻസി |
|---|---|---|---|---|---|---|
| 1. അക്കാദമികം | ശാസ്ത്ര പഠന ശേഷി വികസിപ്പിക്കുന്നതിന് | ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, സെമിനാറുകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. സയൻസ് ക്ലാസ്സുകളിലും പൊതുവിലും ഒന്നു മുതൽ വരെ ക്ലാസ്സുകളിലെ എല്ലാ പരീക്ഷണങ്ങളും ലിസ്റ്റ് ചെയ്ത് ക്ലാസ് അസംബ്ലികളിൽ അവതരിപ്പിക്കുന്നു. | 1 വർഷം | ശാസ്ത്രധ്യാപകർ സയൻസ് ക്ലബ്ബ് അംഗങ്ങൾ | 2500/- | |
| 2. | ശാസ്ത്രഭിരുചി വളർത്താൽ | | | | | |
| 3 | ശാസ്ത്രചിന്ത, ശാസ്ത്രബോധം ശാസ്ത്രനൈപുണി എന്നിവ വികസിക്കുന്നതിന് | ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ശാസ്ത്രപുസ്തകങ്ങൾ, ബഹിരാകാശ വാർത്തകൾ, ശാസ്ത്ര വാർത്തകൾ എന്നിവ ശേഖരിച്ച് ക്ലാസ്സ് ബുള്ളറ്റിൻ ബോർഡിൽ പ്രസിദ്ധീകരിക്കുന്നു. ഒന്നു മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള ശാസ്ത്രാശയങ്ങൾ ICT ഉപയോഗിച്ച് കണ്ടെത്തുന്നു ക്ലാസിൽ അവതരിപ്പിക്കുന്നു. | 1 വർഷം | ശാസ്ത്രധ്യാപകർ സയൻസ് ക്ലബ്ബ് അംഗങ്ങൾ | 1000/- | |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻ[illegible] |
|---|---|---|---|---|---|---|
| 4. അക്കാദമികം സാമൂഹികം | അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കൻ പ്രപഞ്ച വീക്ഷണം വളർത്തിയെടുക്കൽ. | ബഹിരാകാശത്തെ കുറിച്ചുള്ള ക്ലാസ്സുകൾ, നക്ഷത്രനിരീക്ഷണ ക്ലാസ്സുകൾ ISRO യിലേക്കുള്ള പഠനയാത്ര പ്രപഞ്ചരഹസ്യങ്ങൾ മനസ്സിലാക്കൽ | | സ്കൂളിലെ അധ്യാപകർ | | |
| 5 അക്കാദമികം | കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്നതിനും ആധുനിക കൃഷിരീതികളെക്കുറിച്ചും കീടനാശിനികൾ വളങ്ങൾ Budding, grafting Layering, tissue Cluture എന്നിവയെക്കുറിച്ചും മനസ്സിലാക്കുന്നതിന് | കാർഷിക ഗവേഷണ സ്ഥാപനങ്ങളിലേക്ക് പഠനയാത്ര സ്വന്തം സ്ഥാപനത്തിൽ ഔഷധ സസ്യത്തോട്ടം, പച്ചക്കറികൃഷി, പൂന്തോട്ട നിർമ്മാണം എന്നിവ അധ്യാപക വിദ്യാർത്ഥികൾ തയ്യാറാക്കുന്നു. | 1 വർഷം | സ്കൂൾ പാർലമെന്റ് അംഗങ്ങൾ സയൻസ് ക്ലബ്ബ് അംഗങ്ങൾ പരിപാലനം എല്ലാ കുട്ടികളും | 20000/- | അധ്യാ[illegible] കർ, വിദ്യാർ[illegible] കൾ, [illegible] ഭവൻ |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻസ് |
|---|---|---|---|---|---|---|
| 6. അക്കാദമികം | ശാസ്ത്രം അന്വേഷണാത്മകപഠനമാണ് | ശാസ്ത്രക്ലാസ്സുകളിൽ ശാസ്ത്രമൂല, ശാസ്ത്രപഠനകിറ്റ് എന്നിവ രൂപികരിക്കുന്നു Lab School ലെ കുട്ടികൾക്ക് വേണ്ടി സ്കൂൾ അസംബ്ലിയിൽ ചെറിയ പരീക്ഷണങ്ങൾ ചെയ്യുന്നു. ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടുപിടിത്തങ്ങൾ എന്നിവ ശേഖരിച്ച് അവതരിപ്പിക്കുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട് വരുന്ന പ്രധാനപ്പെട്ട ദിനാചരണങ്ങൾക്കുവേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. ക്വിസ് മത്സരങ്ങൾ, ലേഖനങ്ങൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുന്നു. ദിനങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുന്ന പതിപ്പുകൾ ചുമർചിത്രം ആൽബം എന്നിവ തയ്യാറാക്കുന്നു. | 1 വർഷം | സയൻസ് അധ്യാപകർ<br>അധ്യാപക വിദ്യാർത്ഥികൾ | 2500/- | H.M<br>PTA<br>അധ്യാപകർ |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻ |
|---|---|---|---|---|---|---|
| 7. അക്കാദമികം ഭൗതികം സാമൂഹികം | പരിസരം ഒരു പാഠപുസ്തകംഎന്ന ലക്ഷ്യത്തിലെത്താൻ പരിസരം സംരക്ഷിക്കുക എന്ന ലക്ഷ്യം. | നിലവിലുള്ള ജൈവ വൈവിധ പാർക്ക് നവീകരണം, ശുചീകരണം മെച്ചപ്പെടുത്തൽ പ്ലാസ്റ്റിക് വിമുക്തവിദ്യാലയം ആകുന്നതിനുള്ള പ്രവർത്തനങ്ങൽ പരിസര ശുചീകരണത്തിന്റെ ഭാഗമായി സ്ഥാപനത്തിൽ ബയോഗ്യാസ് പ്ലാന്റെ നിർമ്മാണം, മണ്ണിരകമ്പോസ്റ്റ് തയ്യാറാക്കൽ | 1 വർഷം | സയൻസ് അധ്യാപകർ<br>അധ്യാപക വിദ്യാർത്ഥികൾ | 10000/-<br>20000/- | പഞ്ചായ<br>PTA |
| 8. അക്കാദമികം | ശാസ്ത്രാഭിരുചിവളർത്താൻ | ശാസ്ത്രീയ വാർത്തകർ ഉൾക്കൊള്ളുന്ന ശാസ്ത്ര മാസിക | എല്ലാ മാസത്തിലും | | | |
| | | 1 മുതൽ 7 വരെ ക്ലാസ്സുകളിലെ ശാസ്ത്രപുസ്തകങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രനിഘണ്ടു തയ്യാറാക്കൽ | 1 വർഷം | | 1500/- | Class Fu |
| | | സയൻസ് ക്വിസ് സംഘടിപ്പിക്കൻ | എല്ലാ മാസവും | | | |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻസി |
|---|---|---|---|---|---|---|
| 9. ഭൗതികം | ശാസ്ത്രലാബ് | ശാസ്ത്രലാബ് നവീകരണംസ ഉപകരങ്ങൾ ക്രമീകരിക്കൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പരീക്ഷണങ്ങൾ ചെയ്യാനുള്ള സ്ഥലം ക്രമീകരിക്കൽ. ലാബിനടുത്ത് തന്നെ ഒരു സ്മാർട്ട് ക്ലാസ്സ് റൂമിന്റെ നിർമ്മാണം. | 2 വർഷം | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | 200000/- | പൂർവ്വ വിദ്യാർ[illegible] സംഘ[illegible] PTA<br>പൂർവ്വ അധ്യാ[illegible]കർ സ്കൂ[illegible] മാനേ[illegible] |
| 10.അക്കാദമികം | ശാസ്ത്ര പഠനോപകരണനിർമ്മാണം | ശാസ്ത്ര പഠനം ലളിതമാക്കുന്നതിനും നേടുന്ന ആശയം ഉപയോഗിച്ച് പുതിയ പഠനോപകരണങ്ങൾ തയ്യാറാക്കുന്നതിനും വേണ്ടി ശാസ്ത്ര പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു. ശാസ്ത്രോത്സവത്തിൽ ശാസ്ത്ര പഠനോപകരണങ്ങൾ, പതിപ്പുകൾ, ആൽബം, പ്രദർശനം, ശാസ്ത്ര നാടകങ്ങൾ അവതരണം. | 1 മാസം | സയൻസ് അധ്യാപകർ | 1000/- | അധ്യാ[illegible] വിദ്യാർ[illegible]കൾ |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻസി |
|---|---|---|---|---|---|---|
| 11.സാമൂഹികം അക്കാദമികം | ശാസ്ത്രം സമൂഹത്തിന് വേണ്ടി | മഴക്കാലരോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവയ്ക്കെതിരെ പ്രൈമറി ഹെൽത്ത് സെന്ററിന്റെയും സാമൂഹ്യപ്രവർത്തകരുടെയും മറ്റും സഹായത്തോടെ സ്ഥാപനത്തിന്റെ പരിസരപ്രദേശങ്ങളിൽ ഉള്ള വീടുകളിലും സ്ഥാപനങ്ങളിലും ബോധവത്ക്കരണം ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. | ജൂൺ ജൂലൈ മാസങ്ങളിൽ | അധ്യാപകർ സയൻസ് ക്ലബ്ബ് | 1000/- | P T A H.M |
| | ശാസ്ത്ര കലണ്ടർ നിർമ്മാണം പ്രധാനപ്പെട്ട ദിനങ്ങളിലെ കുറിച്ച് മനസ്സിലാക്കാനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും. | ശാസ്ത്രവുമായി ബന്ധപ്പെട്ട് വരുന്ന പ്രധാനദിനങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജന്മദിനങ്ങൾ, കണ്ടുപിടിത്തങ്ങൾ, ദിനാചരണങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന കലണ്ടർ. | ഓരോ വർഷവും | അധ്യാപകർ സയൻസ് ക്ലബ്ബ് | 500/- | അധ്യാപകർ വിദ്യാർത്ഥികൾ |

## WORK EXPERIENCE

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻ |
|---|---|---|---|---|---|---|
| പച്ചക്കറിത്തോട്ടം | കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S R G | 5000/- | കൃഷി വകുപ്പ് |
| ജൈവ വൈവിധ്യ പാർക്ക് | പ്രകൃതിയെ അടുത്തറിയാൻ അവസരമുണ്ടാക്കുക | വിദ്യാലയത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു തവണ | S R G | 45000/- | S S A |
| പാവനിർമ്മാണം | പാവനാടക അവതരണത്തിലൂടെ പാഠഭാഗങ്ങളിലെ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് | വിവിധതരം പാവനിർമ്മാണം | വർഷത്തിൽ ഒരു പ്രാവശ്യം | പ്രവൃത്തി പഠന അധ്യാപകൻ | 3000/- | പി.ടി.എ ഫണ്ട് |
| തൊഴിൽ മേഖല | സ്വയം തൊഴിൽ പരിശീലനം | സോപ്പുനിർമ്മാണം, സോപ്പുപൊടി, ലോഷനുകൾ, ചന്ദനത്തിരി, മെഴുകുതിരി, വിവിധകരകൗശല വസ്തുക്കൾ കയർ ഉൽപ്പന്നങ്ങൾ | ഒരു വർഷം | പ്രാദേശിക തൊഴിൽ വൈദഗ്ധ്യം നേടിയവർ | 10000/- | അധ്യാപകരും അധ്യാപക വിദ്യാർത്ഥികൾ |
| ഭക്ഷ്യസംസ്കരണം | ഭക്ഷ്യ വസ്തുക്കൾ കേടുകൂടാതെ ദീർഘനാൾ സൂക്ഷിക്കുന്നതിന് | പ്രാദേശിക വിഭവങ്ങൾ ശേഖരിച്ച വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്കരിച്ച് ഉപയോഗിക്കുന്നതിന് | ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതക്കനുസരിച്ച് | അധ്യാപകൻ | 3000/- | അധ്യാപകരും അധ്യാപക വിദ്യാർത്ഥികൾ |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | ഏജൻ |
|---|---|---|---|---|---|---|
| സാമൂഹികം<br>1 പൂർവ്വ വിദ്യാർത്ഥി സംഗമം | സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | PTA<br>SRG | 5000/- | സ്കൂ<br>വികസ<br>സമിത |
| 2 പൂർവ്വ അധ്യാപക സംഗമം | സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ അധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിയ്ക്കൽ | വർഷംതോറും | സ്റ്റാഫ് കൗൺസിൽ | 2000/- | സ്റ്റാഫ<br>ഫണ |
| 3. മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര | കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ പങ്കിടൽ | വർഷത്തിൽ ഒരു തവണ | PTA<br>SRG | 5000/ | SSA |
| 4. സ്കൂൾ കലണ്ടർ | സ്കൂൾമികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും നൽകുക. | വർഷത്തിൽ ഒരു തവണ | PTA<br>SRG | 5000/ | PTA |

## പ്രതീക്ഷിത നേട്ടങ്ങൾ

- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിയ്ക്കപ്പെടുന്നു.
- വിദ്യാലയം ഹൈടെക് ആകുന്നു.
- വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികൾ പരിഹരിക്കപ്പെടുന്നു.
- അധ്യാപക ശാക്തീകരണ കേന്ദ്രമാക്കുന്നു.
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയത്തിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ കഴിയുന്നു.
- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.
- ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നു.

## മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ്
- വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ
- സോഷ്യൽ മോണിട്ടറിംഗ് രീതി (PTA,MPTA,etc)
- ദൈനംദിന മോണിട്ടറിംഗ് (HM,PTA,പ്രസിഡന്റ് etc )
- വിദ്യാർത്ഥികളുടെ ഗ്രൂപ്പ്
- ഡയറ്റിന്റെ നേതൃത്വത്തിൽ

## ഉപസംഹാരം

നവലിബറൽ സാമ്പത്തികനയങ്ങൾ പൊതുഇടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം നമ്മുടെ രാജ്യത്തുണ്ടായിക്കൊണ്ടിരിയ്ക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾത്തന്നെ ദൂര വ്യാപകമായ ദോഷ ഫലങ്ങൾ സ്യഷ്ടിച്ചുകൊണ്ടിരിയ്ക്കുകയാണ് . ഈ കെടുതികൾക്ക് സമഗ്രവും ശാസത്രീയവും സ്ഥായിയായതുമായ ബദലുകൾ സ്യഷ്ടിയക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം . അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിയക്കപ്പെടണം എന്നാഗ്രഹിയ്ക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത് . നാട്യങ്ങൾ ഏതുമില്ലാതെ നൻമകളിൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിയ്ക്കുന്നത്തിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിയ്ക്കുമെന്ന് സവിനയം പ്രതീക്ഷിയ്ക്കുന്നു.

# അനുബന്ധം

വിദ്യാലയത്തിന്റെ സ്കെച്ച്.

സൈറ്റ് പ്ലാൻ.

ജൈവ വൈവിധ്യപാർക്കിന്റെ രൂപ രേഖ.

കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ.


ASAN MEMORIAL TEACHERS TRAINING INSTITUTE


VILABHAGOM, MELVETTOOR·P.O

LOCATION MAP SHOWING THE CLASS ROOMS TOILETS, ETC.

PARA·3·0- SPACE AND BUILDINGS AS PER NORMS PRESCRIBED BY NCTE


EXISTING/PROPOSALS IN STAGES






Headmistress
A.M.T.T.I. Vilabhagom

# ജൈവവൈവിധ്യ പാർക്ക് രൂപരേഖ



## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| | |
|---|---|
| 2012–13 | 28 |
| 2013–14 | 18 |
| 2014–15 | 13 |
| 2015–16 | 11 |
| 2016–17 | 19 |
| 2017–18 | 39 |